# 2005-ലെ വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന
## അപേക്ഷ




From

വിട്ടൽ നായക്
S/o. മോണപ്പ ബണ്ട
ഭൂതഗുഡി ഹൗസ്, ബീരന്ത്ബയൽ
കാസറഗോഡ്.പി.ഒ- 671121
കാസറഗോഡ് ജില്ല
മൊബൈൽ നമ്പർ: 9388574186

2630/17

To

പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ
ജില്ലാ സോഷ്യൽ ജസ്റ്റിസ് ഓഫീസ്
കലക്ടറേറ്റ്, വിദ്യാനഗർ.പി.ഒ
കാസറഗോഡ്.-671123

Sir,

താഴെ പറയുന്ന കാര്യങ്ങൾ 2005-ലെ വിവരാവകാശ നിയമപ്രകാരം അനുവദിച്ച് നൽകണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

1. കാസറഗോഡ് ജില്ലയിലെ പൈവളിഗെ ഗ്രാമപഞ്ചായത്തിൽ ICDS ഉദ്യോഗസ്ഥയായിരുന്ന ഗീത നായകിനെ പ്രസ്തുത ജോലിയിൽ നിന്ന് സസ്പെൻഡ് ചെയ്ത തീയ്യതി?
2; ഗീത നായകിനെ സസ്പെൻഡ് ചെയ്യാനുണ്ടായ കാരണം? വിശദമായി നൽകുക? സസ്പെൻഡ് ചെയ്ത ഓർഡറിന്റെ പകർപ്പ്?
3; ഗീതാ നായകിനെ അംഗണവാടിയിൽ ക്രമക്കേട് നടത്തിയത് കണ്ടുപിടിച്ച അന്വേഷണ ഉദ്യോഗസ്ഥന്റെ പേര് തസ്തിക, ഡിപ്പാർട്ട്മെന്റ്.? എന്തൊക്കെ ക്രമക്കേടുകളാണ് നടത്തിയത്? ഏത് വർഷത്തിൽ?
4. മേൽപ്പറഞ്ഞ ഗീതാ നായകിനെ ഏത് കാരണത്താലാണ് വീണ്ടും ഇതേ തസ്തികയിൽ തുടരുവാൻ അനുവദിച്ചത്? തിരിച്ചെടുക്കുന്നതിനായുള്ള ഉത്തരവിന്റെ കോപ്പി? ഇപ്പോൾ എവിടെ ഏത് തസ്തികയിൽ ജോലി ചെയ്യുന്നു?
5. മേൽപ്പറഞ്ഞ ഗീതാ നായകിന്റെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി അങ്ങയുടെ ഓഫീസിൽ നിന്നും ബന്ധപ്പെട്ട മേലുദ്യോഗസ്ഥർക്ക് എന്തെങ്കിലും നടപടികൾ എടുത്തിരുന്നുവോ? ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ്? ഇല്ലെങ്കിൽ എന്തുകൊണ്ട്? ഏത് കാരണത്താലാണ് വീണ്ടും ഇതേ തസ്തികയിൽ തുടരുവാൻ അനുവദിച്ചത്? തിരിച്ചെടുക്കുന്നതിനായുള്ള ഉത്തരവിന്റെ കോപ്പി?
6. അങ്ങയുടെ ഓഫീസിൽ നിന്നും മേൽപ്പറഞ്ഞ ഗീതാ നായക് ICDS ഉദ്യോഗസ്ഥയ്ക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുവാനുള്ള കാരണം എന്ത്?
7. എത്ര രൂപയുടെ ക്രമക്കേടുകളാണ് അംഗനവാടിയിൽ നടത്തിയത്?
8. ക്രമക്കേട് വരുത്തിയതിനുള്ള തുക മേൽപ്പറഞ്ഞ ഗീത എന്നവർ ഒടുക്കിയിട്ടുണ്ടോ? എത്ര രൂപയാണ് ഇവരിൽ നിന്ന് ഈടാക്കിയത്? ആയതിന്റെ രസീതിന്റെ കോപ്പി?
9. പത്ര മാധ്യമങ്ങളിൽ 25 ലക്ഷം രൂപയുടെ ക്രമക്കേട് മേൽപ്പറഞ്ഞ ഗീതാ നായക് നടത്തിയിട്ടുണ്ട് എന്നാണ് അറിഞ്ഞത് ഇത് വാസ്തവമാണോ?
10. അംഗനവാടികൾ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലോ? സ്റ്റേറ്റ് ഗവൺമെന്റിന്റെ കീഴിലാണോ ഉള്ളത്.

മേൽനിയമമനുസരിച്ച് 10/- രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ഇതോടൊപ്പം പതിച്ചിരിക്കുന്നു. കോപ്പിക്ക് കൂടുതൽ ഫീസ് ആവശ്യമാണെങ്കിൽ അത് അടയ്ക്കുവാൻ ഞാൻ തയ്യാറാണ്. (മേൽപ്പറഞ്ഞ ചോദ്യങ്ങൾക്കുള്ള മറുപടി കോടതിയിൽ ഹാജരാക്കേണ്ടതിനാൽ ഇംഗ്ലീഷ് ഭാഷയിൽ അനുവദിച്ച് നൽകുക)

കാസറഗോഡ്
24-10-2017

എന്ന്
വിശ്വസ്തതയോടെ